**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 850** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ കോളനികളിലെ വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ കോളനികളിലെ വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് പഠനം നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച വിശദമായ പഠനം നടത്തുന്ന കാര്യം പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത വിദ്യാർത്ഥികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്കൂളുകളിൽ നിന്നും തിരികെ ഊരുകളിലെത്തുന്ന കുട്ടികൾക്ക് ഊരുകൾ കേന്ദ്രീകരിച്ച് സാമൂഹ്യ പഠന മുറികൾ സ്ഥാപിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു പഠനമുറിയിൽ 30 വിദ്യാർത്ഥികൾക്ക് സൗകര്യം ഏർപ്പെടുത്തിക്കൊണ്ട്, അഭ്യസ്ത വിദ്യരായ യുവതീ യുവാക്കളെ ഫെസിലിറ്റേറ്റർമാരായി തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ലഘുഭക്ഷണം, പഠനസാമഗ്രികൾ, ഇന്റർനെറ്റ് സൗകര്യം, പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങളും ഇവിടെ ലഭ്യമാക്കുന്നു.<br><br>വിദ്യാർത്ഥികളുടെ കൊഴിഞ്ഞ്പോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിൽ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ഈ പദ്ധതി മുഖേന 13620 കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ ഊരുകൾ, ദുർഘടവനപ്രദേശം, മതിയായ വാഹന സൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങൾ എന്നിവിടങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ കൊണ്ടുപോയി തിരികെ വീട്ടിലെത്തിക്കുന്നതിനായി ഗതാഗത സൗകര്യം |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിന് 'വിദ്യാവാഹിനി' പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളുകളിൽ അയയ്ക്കുന്നതിന് രക്ഷിതാക്കൾക്ക് പ്രതിവർഷം 500 രൂപ വീതം ഒരു കുട്ടിക്ക് എന്ന നിലയിൽ നൽകി വരുന്നു. സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം നൽകി വരുന്നു. പ്രീമെട്രിക് തലത്തിൽ സ്കോളർഷിപ്പും ലംപ്സം ഗ്രാന്റും നൽകുന്നു. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിലേക്കായി വകുപ്പിന്റെ കീഴിലുണ്ടായിരുന്ന 31 സ്ഥാപനങ്ങളെ മോഡൽ പ്രീ സ്കൂളുകളാക്കി നാമകരണം ചെയ്യുകയും മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ